# GOVERNMENT OF KERALA

**Abstract**

Implementation of second phase of the Swachh Bharat Mission (Grameen) project, by ensuring the timely allocation of State share for the project, based on Operation Guidelines for the implementation Swachh Bharat Mission (Grameen) project issued by the Central Government - Orders issued.

## LOCAL SELF GOVERNMENT (DC) DEPARTMENT

**G.O.(Ms)No.58/2021/LSGD** Dated,Thiruvananthapuram, **20/02/2021**

Read 1 Letter No. S-11015/1/2020-SBM-DDWS dated 19.05.2020 of Ministry of Jalshakthi, Department of Drinking Water and Sanitation

2 Minutes of the 1st meeting of National Scheme Sanctioning Committee (NSSC) of SBM(G) Phase-II held on 18.08.2020 under the chairmanship of Secretary, DDWS

3 Letter No. 2386/A/2020/SM dated 24.10.2020 of Executive Diretor, Suchitwa Mission

**ORDER**

The Central Government has announced the second phase of Swachh Bharat Mission (Gramin) in March 2020 with an emphasis to sustain the ODF status achieved by villages and to cover villages with proper Solid and Liquid Waste Management (SLWM) arrangement. It is intended to work towards ensuring that no one is left behind and that everyone has access to use a toilet.

3. As per the letter read as 1st paper above, Ministry of Jalshakthi, Department of Drinking Water and Sanitation has informed that Government of India have approved Phase II of Swachh Bharath Mission (Gramin) to be implemented from 2020-21 to 2024-25. Ministry of Jalshakthi, Department Drinking Water and Sanitation has also requested to prepare and submit the State Project Implementation Plan(PIP) and Annual Implementation Plan (AIP) for the year 2020-21. Accordingly State Suchitwa Mission has submitted the AIP for an amount of Rs.38568.07 lakh as Swachh Bharat Mission (Gramin) share to the Ministry of Jalshakthi, Department of Drinking Water and

Sanitation. As per the minutes read as 2nd paper above, National Scheme Sanctioning Committee (NSSC) of SBM(G) Phase-II has approved the Annual Implementation Plan for Kerala for the Financial Year 2020-21 as follows.

| | |
|---|---|
| Central Share | : Rs. 23102 Lakhs |
| State Share | : Rs. 15395 Lakhs |
| 15th FC Share | : Rs. 26378.75 Lakkhs |
| Total | : Rs. 64875.75 Lakhs |

5. As per the Operational Guidelines of Swacch Bharath Mission (Gramin) Phase II, issued by Government of India, State Cabinet has to pass a resolution to implement SBM (G) Phase II, committing to timely release of State share, to become eligible for the release of funds under the project.

6. Government have examined the matter in detail and with the approval of the Council of Ministers, are pleased to implement the second phase of the Swachh Bharat Mission (Gramin) Project by committing the timely allocation of State share for the project, based on Operation Guidelines for the implementation of Swachh Bharat Mission (Gramin) Project issued by the Central Government.

(By order of the Governor)
**SARADA MURALEEDHARAN IAS**
**ADDITIONAL CHIEF SECRETARY**

The Executive Director, Suchitwa Mission
The Principal Director, Local Self Government Department
The Director of Panchayat
The Principal Accountant General (A&E), Kerala Thiruvananthapuram.
The Accountant General (E&RSA/G&SSA) Kerala,Thiruvananthapuram.

The Information Officer, I&PRD (Web & New Media)
The Executive Director, Information Kerala Mission.
Finance (Development ) Department- Dev 2/226/202-Fin
General Administration (SC) Department -(Vide Item No.4718 dated 17.02.2021)
Stock File / Office Copy.
Forwarded/By Order

Forwarded /By order,

Section Officer.

Copy to:

Private Secretary to Hon'ble Minster for LSGD
PA to Additional Chief Secretary, LSGD
CA to Special Secretary, LSGD

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2021

ഫയൽ നം. 511/DC1/2020/LSGD. ഇനം നം: 4718

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി - രണ്ടാം ഘട്ടം നടത്തിപ്പിനുള്ള Operational Guidelines പ്രകാരം സംസ്ഥാന വിഹിതം സമയബന്ധിതമായി അനുവദിക്കുന്നത് ഉറപ്പാക്കിക്കൊണ്ട് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി-രണ്ടാംഘട്ടം നടപ്പിലാക്കുന്നതിൽ തീരുമാനമെടുക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

17/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

US(DC)

4718

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 511/DC1/2020/LSGD |
| 2 | വകുപ്പ് | : | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |
| 3 | വിഷയം | : | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി-രണ്ടാംഘട്ടം നടത്തിപ്പിനുള്ള Operational Guidelines പ്രകാരം സംസ്ഥാന വിഹിതം സമയബന്ധിതമായി അനുവദിക്കുന്നത് ഉറപ്പാക്കിക്കൊണ്ട് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി-രണ്ടാംഘട്ടം നടപ്പിലാക്കുന്നതിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യ മന്ത്രിയുടെ ഉത്തരവ് തീയതി | : | 21.12.2020 |
| 5 | 1) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ?<br>2) സാമ്പത്തിക ബാധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; | : | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിക്കേണ്ടതുണ്ടോ ?<br>ഉണ്ടെങ്കിൽ അവരുമായി ആലോചിച്ചിട്ടുണ്ടോ; അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ആർ.എസ്. കണ്ണൻ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 9 | മന്ത്രി സഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എ.സി. മൊയ്തീൻ |
| 13 | മന്ത്രി സഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.02.2021 |
| 15 | മന്ത്രി സഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി-രണ്ടാംഘട്ടം നടത്തിപ്പിനുള്ള Operational Guidelines പ്രകാരം സംസ്ഥാന വിഹിതം സമയബന്ധിതമായി അനുവദിക്കുന്നത് ഉറപ്പാക്കിക്കൊണ്ട് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി-രണ്ടാംഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

2. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 150- ാം ജന്മവാർഷികമായ 2019 ഒക്ടോബർ 2-ന് ഭാരതത്തെ മാലിന്യവിമുക്ത രാജ്യമായി പ്രഖ്യാപിക്കുക എന്ന ലക്ഷ്യത്തോടെ 2014 ഒക്ടോബർ 2-ന് തുടക്കം കുറിച്ച കേന്ദ്ര പദ്ധതിയാണ് സ്വച്ഛ് ഭാരത് മിഷൻ(സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ(അർബൻ)). ഈ പദ്ധതിയുടെ ഭാഗമായി 2019 ഒക്ടോബർ 2-ന് ഭാരതത്തെ വെളിയിട വിസർജന വിമുക്ത (Open Defecation Free-ODF) രാജ്യമായി പ്രഖ്യാപിച്ചു. ആരോഗ്യ പരിരക്ഷയിലും വൃത്തിയിലും ഏറെ മുന്നിലായിരുന്ന കേരളം 2016 നവംബർ 1-ന് തന്നെ ഈ നേട്ടം കൈവരിച്ച് ലോക ശ്രദ്ധ നേടിയിരുന്നു. ഈ പദ്ധതി 2020 മാർച്ച് 31-ന് അവസാനിച്ചു. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന സമ്പൂർണ്ണ വെളിയിട വിസർജ്യ വിമുക്ത പദവി നിലനിർത്തുന്നതിനും, അടുത്ത പടിയായ ഖര-ദ്രവമാലിന്യ സംസ്കരണത്തിനും ഊന്നൽ നൽകി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം 2020 മാർച്ച് മാസത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതിയുടെ സംക്ഷിപ്ത വിവരണവും വാർഷിക പദ്ധതി സംഗ്രഹവും അനുബന്ധം 1-ൽ കാണാവുന്നതാണ്.

3. ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ച സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടത്തിന്റെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പദ്ധതിക്ക് കീഴിൽ അർഹമായ വിഹിതം ലഭിക്കുന്നതിന് സംസ്ഥാന വിഹിതം യഥാസമയം അനുവദിക്കുന്നത് ഉറപ്പുനല്കിക്കൊണ്ട് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന മന്ത്രിസഭ തീരുമാനമെടുക്കേണ്ടതുണ്ട്

4. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന് മുന്നോടിയായി, എസ്.ബി.എം (ഗ്രാമീൺ) - രണ്ടാംഘട്ടം പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചും, സമയബന്ധിതമായി ഫണ്ട് റിലീസ് ചെയ്യുന്നത് സംബന്ധിച്ചും സംസ്ഥാന ക്യാബിനറ്റിന്റെ തീരുമാനം ലഭ്യമാക്കുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു.

5. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

> "സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി നടത്തിപ്പിനുള്ള Operational Guidelines പ്രകാരം സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന് മുന്നോടിയായി, എസ്.ബി.എം (ഗ്രാമീൺ) - രണ്ടാംഘട്ടം പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചും, സമയബന്ധിതമായി ഫണ്ട് റിലീസ് ചെയ്യുന്നത് സംബന്ധിച്ചും സംസ്ഥാന ക്യാബിനറ്റിന്റെ തീരുമാനം ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി നടത്തിപ്പിനുള്ള Operation Guidelines പ്രകാരം എസ്.ബി.എം (ഗ്രാമീൺ) - രണ്ടാംഘട്ടം പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചും, സമയബന്ധിതമായി ഫണ്ട് റിലീസ് ചെയ്യുന്നത് സംബന്ധിച്ചും സംസ്ഥാന ക്യാബിനറ്റിന്റെ

അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണെന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനവകുപ്പുമന്ത്രിയുടെ അംഗീകാരമുണ്ട് ".

## തീരുമാനിക്കേണ്ട വിഷയം

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി-രണ്ടാംഘട്ടം നടത്തിപ്പിനുള്ള Operational Guidelines പ്രകാരം സംസ്ഥാന വിഹിതം സമയബന്ധിതമായി അനുവദിക്കുന്നത് ഉറപ്പാക്കിക്കൊണ്ട് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി-രണ്ടാംഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണോ?

അനുബന്ധം

## സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) - രണ്ടാം ഘട്ടം

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികമായ 2019 ഒക്ടോബർ 2 ന് ഭാരതത്തെ മാലിന്യവിമുക്ത രാജ്യമായി പ്രഖ്യാപിക്കുക എന്ന ലക്ഷ്യത്തോടെ 2014 ഒക്ടോബർ 2 ന് തുടക്കം കുറിച്ച പദ്ധതിയാണ് സ്വച്ഛ് ഭാരത് മിഷൻ. 2019 ഒക്ടോബർ 2 ന് ഭാരതത്തെ വെളിയിട വിസർജന വിമുക്ത രാജ്യമായി പ്രഖ്യാപിച്ചു. ഈ പദ്ധതി 2020 മാർച്ച് 31 ന് അവസാനിച്ചു. ആരോഗ്യ പരിരക്ഷയിലും വൃത്തിയിലും ഏറെ മുന്നിലായിരുന്ന കേരളം 2016 നവംബർ 1 ന് തന്നെ ഈ നേട്ടം കൈവരിച്ച് ലോക ശ്രദ്ധ നേടിയിരുന്നു.

സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന സമ്പൂർണ്ണ വെളിയിട വിസർജ്യ വിമുക്ത പദവി നിലനിർത്തുന്നതിനും, അടുത്ത പടിയായ ഖര-ദ്രവമാലിന്യ സംസ്കരണത്തിനും ഊന്നൽ നൽകി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം 2020 മാർച്ച് മാസത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

അഖിലേന്ത്യാതലത്തിൽ 1,40,881 കോടി അടങ്കൽ തുകയായി കണക്കാക്കി പ്രഖ്യാപിച്ച ടി പദ്ധതി, 2020-21 മുതൽ 2024-25 വരെ മിഷൻ മാതൃകയിൽ നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

സ്വച്ഛ് ഭാരത് മിഷൻ (രണ്ടാം ഘട്ടം) 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. മറ്റു വിവിധ ഫണ്ടുകൾ കൂടി ഉൾക്കൊള്ളുന്ന ഒരു സംയോജിത പദ്ധതിയായാണ് ഇത്. വ്യക്തിഗത കക്കൂസുകൾ (IHHL) ഒഴികെയുള്ള മറ്റൊരു വ്യക്തിഗത പദ്ധതിക്കും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടത്തിൽ നിന്ന് നേരിട്ട് ഫണ്ട് വകയിരുത്തിയിട്ടില്ല. ഗ്രാമീണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന 15-ാം ധനകാര്യ ഗ്രാന്റ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, എം.പി/ എം.എൽ.എ ഫണ്ടുകൾ സാമൂഹിക പ്രതിബദ്ധതാ ഫണ്ട് (സി.എസ്.ആർ ഫണ്ട്) യൂസർഫീ എന്നിങ്ങനെ വിവിധ ഫണ്ടുകൾ സംയോജിപ്പിച്ച് പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിനാണ് വിഭാവം ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽ സൂചിപ്പിച്ച ഇനങ്ങളിൽ നിന്ന് വ്യക്തിഗത പദ്ധതികൾക്ക് പണം കണ്ടെത്താവുന്നതാണ്.

കേരള മോഡൽ മാലിന്യ സംസ്കരണ രീതിക്ക് ദേശീയതലത്തിൽ ലഭിച്ച അംഗീകാരമാണ് എസ്.ബി.എം II പ്രവർത്തനമാർഗരേഖ. കേരളം തുടരുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതി, ഭവനങ്ങൾ തോറുമുള്ള അജൈവ മാലിന്യ ശേഖരണം, ഗ്രാമപഞ്ചായത്തുതലത്തിൽ സജ്ജീകരിച്ചിരിക്കുന്ന എം.സി.എഫ്, ബ്ലോക്ക് തലത്തിലുള്ള ആർ.ആർ.എഫ്, ക്ലീൻ കേരള കമ്പനി മുഖേന ലഭ്യമാക്കുന്ന ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാറിംങ് നടത്തുന്ന പദ്ധതി എന്നിവ മാതൃകയാക്കിയാണ് മാർഗ്ഗരേഖ പുറപ്പെടു വിച്ചിട്ടുള്ളത് എന്ന് കാണുന്നു.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) II പദ്ധതിയുടെ പ്രധാന ലക്ഷ്യം നിലവിൽ കൈവരിച്ച വെളിയിട വിസർജ്യ വിമുക്ത പദവി നിലനിർത്തുകയും ഗ്രാമീണ മേഖലയിലെ ഖര-ദ്രവമാലിന്യ സംസ്കരണം മികവുറ്റതാക്കി ഗ്രാമങ്ങളെ വൃത്തിയുള്ള ഇടങ്ങളാക്കി മാറ്റുകയും എന്നതുമാണ്. ഗ്രാമപ്രദേശങ്ങളെ ഒ.ഡി.എഫ് പ്ലസ് എന്ന അടുത്ത ഘട്ടത്തിലേക്ക്

എത്തിക്കുന്നതിന് പദ്ധതിയിൽ ലക്ഷ്യമിടുന്നു. വില്ലേജുകൾ അടിസ്ഥാന ഘടകമാക്കിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ഒരു ഗ്രാമം ഒ.ഡി.എഫ് പ്ലസ് പദവിയിൽ എത്തുന്നതിന് ആ പ്രദേശത്തെ 80% വീടുകളും പൊതു സ്ഥലങ്ങളും മാലിന്യ മുക്തമായതും, മലിനജലം കെട്ടികിടക്കാത്തതും പ്ലാസ്റ്റിക് മാലിന്യ കൂമ്പാരങ്ങൾ ഇല്ലാത്തതുമായിരിക്കണം.

ഈ അവസ്ഥയിലേക്ക് ഒരു പ്രദേശത്തെ എത്തിക്കുന്നതിനായി നിരന്തരമായി വിവര വിജ്ഞാന വ്യാപന പ്രക്രിയകളിലൂടെ ബോധവൽകരണം നടത്തി ശീലവത്കരണം ഉറപ്പാക്കണം.

**ഒ.ഡി.എഫ് പ്ലസ് വില്ലേജുകൾ ആയി ഗ്രാമങ്ങളെ പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

i. എല്ലാ വീടുകളിലും ഉപയോഗയോഗ്യമായ ശൗചാലയങ്ങൾ ഉറപ്പാക്കുക

ii. 100 അതിൽ അധികമോ വീടുകൾ ഉള്ള ഗ്രാമങ്ങളിൽ പൊതുശൗചാലയം ഉറപ്പാക്കുക

iii. എല്ലാ സ്കൂളുകളിലും, പഞ്ചായത്ത് ആസ്ഥാനങ്ങൾ, അംഗൻവാടികൾ എന്നിവയിലും പുരുഷനും സ്ത്രീയ്ക്കും പ്രത്യേകമായി ഉപയോഗ യോഗ്യമായ ശൗചാലയങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക

iv. പൊതുയിടങ്ങൾ വൃത്തിയുള്ളതും, മലിനജലം കെട്ടിനിൽക്കാതെയും പ്ലാസ്റ്റിക്ക് കൂമ്പാരങ്ങൾ ഇല്ലാതെയും ആചരിക്കുക.

v. ചുരുങ്ങിയത് 80% വീടുകളിലും, എല്ലാ സ്കൂളുകളിലും, അംഗൻവാടികളിലും പഞ്ചായത്ത് ആസ്ഥാനങ്ങളിലും ജൈവമാലിന്യങ്ങളും, ദ്രവമാലിന്യവും സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാവുക

vi. ഗ്രാമത്തിൽ പ്ലാസ്റ്റിക് തരംതിരിക്കുന്നതിനും അത് ശേഖരിക്കുന്നതിനും ഉള്ള സംവിധാനം ഉണ്ടാവുക

vii. ഗ്രാമങ്ങളിൽ ഒ.ഡി.എഫ് പ്ലസുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട അഞ്ച് വിവര വിജ്ഞാന വ്യാപന സന്ദേശങ്ങൾക്കും പ്രാമുഖ്യത്തോടെ പ്രദർശിപ്പിക്കുക എന്നിവയാണ്.

**ഒ.ഡി.എഫ് + പ്രഖ്യാപനം (ODF Declaration Procedure)**

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) മാർഗ്ഗ നിർദ്ദേശപ്രകാരം കൈവരിച്ച ഗ്രാമ പഞ്ചായത്തിലെ ഭൗതിക നേട്ടങ്ങൾ വ്യക്തമായി ഐ.എം.എസിൽ പ്രതിഫലിപ്പിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അതിനുശേഷം ഗ്രാമസഭ വിളിച്ചു ചേർത്ത് ഒ.ഡി.എഫ് പ്ലസ് ആയി പ്രഖ്യാപിക്കേണ്ടതാണ്. അതിനുശേഷം ഇക്കാര്യത്തിനായി നിർദ്ദേശിച്ചിട്ടുള്ള ഒ.ഡി.എഫ് പ്ലസ് പ്രഖ്യാപന സർട്ടിഫിക്കറ്റ് ഐ.എം.ഐ.എസിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിയോഗിക്കുന്ന ഏജൻസികളുടെ പരിശോധനയും ഉണ്ടാകും.

എസ്.ബി.എം II ഘടകങ്ങൾ

1. വ്യക്തഗത ശൗചാലയ നിർമ്മാണം

പദ്ധതി കാലയളവിൽ പുതിയതായി നിർമ്മിക്കുന്ന വീടുകൾക്ക് മാത്രം. ബി.പി.എൽകുടുംബങ്ങൾ, എസ്.സി.എസ്.ടി കുടുംബങ്ങൾ, ചെറുകിട നാമമാത്ര കർഷകർ, സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾ തുടങ്ങിയവരാണ് അർഹതയുള്ളവർ ഇൻസെന്റീവ് സബ്സിഡി തുക 12000/- ഒരു യൂണിറ്റിന്. (കേരളത്തിൽ 3400 തദ്ദേശസ്ഥാപനം വിഹിതമായി അധിക തുക അനുവദിക്കുന്നുണ്ട്.)

2. കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ

ഓരോ വില്ലേജിലും കുറഞ്ഞത് ഒരു കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് എങ്കിലും ഉണ്ടാകണം. ഓപ്പറേഷൻ മെയിന്റനൻസ് ചെലവ് യൂസർ ഫീ മുഖേന കണ്ടെത്തണം. സ്ത്രീകൾ, പുരുഷൻമാർ എന്നിവർക്ക് പ്രത്യേകം കമ്പാർട്ട്മെന്റുകൾ നിർമ്മിക്കണം. ഒരു യൂണിറ്റിന് 3 ലക്ഷം രൂപ വരെ ചെലവഴിക്കാം.

| | |
|---|---|
| 70% എസ്.ബി.എം(ജി) | : 2.10 ലക്ഷം |
| 30% 15-ാം ധനകാര്യ കമ്മീഷൻ | : 0.90 ലക്ഷം |

അധികമായി ഫണ്ടു കണ്ടെത്തുന്നതിനും നടത്തിപ്പിനുമായി പൊതു സ്വകാര്യ പങ്കാളിത്തം സി എസ് ആർ ഫണ്ട് എന്നിവ ഇതിലേക്ക് സ്വീകരിക്കാവുന്നതാണ്.

ഖര മാലിന്യ സംസ്ക്കരണ പദ്ധതികൾ (ഗ്രാമപഞ്ചായത്തു തലം)

1. സാമൂഹിക തല കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ

ഓരോ വില്ലേജിലും കുറേയധികം വീടുകൾക്കായി/ കോളനികൾക്കായി/ മാർക്കറ്റുകൾക്കായി/പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ കമ്പോസ്റ്റിംഗ് (തുമ്പൂർ മുഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റുകൾ മുതലായവ) സംവിധാനം നിർമ്മിക്കാം.

2. പ്ലാസ്റ്റിക് വേസ്റ്റ് സ്റ്റോറേജ് യൂണിറ്റ്

ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന വൃത്തിയുള്ള പ്ലാസ്റ്റിക് അജൈവമാലിന്യങ്ങൾ എന്നിവ ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുന്നതിനും, പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനും ഓരോ വില്ലേജിലും ഇത്തരത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കണം.

3. ഖരമാലിന്യ ശേഖരണത്തിനായി വാഹനം

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫ്ലേക്കും ആർ. ആർ.എഫ് ലേക്കും കോണ്ടുപോകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ട്രൈസൈക്കിളുകൾ അഥവാ ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ വാങ്ങാവുന്നതാണ്.

**ദ്രവമാലിന്യ സംസ്കരണം (ഗ്രാമപഞ്ചായത്തു തലം)**

കോളനികൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മലിനജല സംസ്കരണ പ്ലാന്റുകൾ (DEWATS – Decentralized Waste Water Treatment System). സെഡിമെന്റേഷൻ കുളങ്ങൾ, മറ്റു ദ്രവ മാലിന്യ പ്ലാന്റുകൾ എന്നിവ നിർമ്മിക്കാവുന്നതാണ്. കമ്മ്യൂണിറ്റി സോക്ക്പിറ്റുകൾ മുതലായവ 15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നിർമ്മിക്കാം.

**പ്ലാസ്റ്റിക് വേസ്റ്റ്മാനേജ്മെന്റ് യൂണിറ്റ് (ബ്ലോക്ക്തലം/ജില്ലാതലം)**

ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (കേരളത്തിലെ ആർ.ആർ.എഫ് മാതൃകയിൽ) നിർമ്മിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ഗോബർദൻ (Gobar –dhan) Galvanizing Organic Bio agro Resources (ജില്ലാതലം)**

സമൂഹ തലത്തിൽ ഓരോ ജില്ലയിലും പൈലറ്റ് അടിസ്ഥാനത്തിൽ ഒരു വലിയ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കേണ്ടതാണ്. ജൈവ മാലിന്യങ്ങൾ, മൃഗാവശിഷ്ടങ്ങൾ, ചാണകം എന്നിവ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കാം. മാർക്കറ്റുകൾ, പാർപ്പിട സമുച്ചയങ്ങൾ, കോളനികൾ എന്നിവിടങ്ങളിൽ നിർമ്മിക്കാവുന്നതാണ്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഉപയോഗപ്പെടുത്തി നാഷണൽ ന്യൂ ബയോഗ്യാസ് ഓർഗാനിക് മാന്യുവർ പ്രോഗ്രാം (NNBOMP) മാനദണ്ഡ പ്രകാരം കൂടുതൽ യൂണിറ്റുകൾ നിർമ്മിക്കാവുന്നതാണ്.

**കക്കൂസ് മാലിന്യ സംസ്കരണം (Feacal Sludge Management) (ജില്ലാതലം)**

ജില്ലാടിസ്ഥാനത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കുവാൻ സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ (ഐ.ഇ.സി)**

ഒ.ഡി.എഫ് സ്റ്റാറ്റസ് (വെളിയിട വിമുക്ത പദവി) നിലനിർത്തുന്നതിനും പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനും ഓരോ വ്യക്തിയിലും വൃത്തിയുടെ ശീലങ്ങൾ ജീവിതത്തിലുടനീളം തുടരേണ്ടതുണ്ട്. ഇതിനായി വിവിധ മാധ്യമങ്ങളിലൂടെ എല്ലാ വിഭാഗത്തിനും അനുയോജ്യമായ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിനായി പ്രോഗ്രാം ഫണ്ടിന്റെ ആകെ 3% (ജില്ലാ സംസ്ഥാന തലങ്ങളിലായി) വിനിയോഗിക്കാവുന്നതാണ്.

**അഡ്മിനിസ്ട്രേഷൻ**

പ്രോഗ്രാം ഫണ്ടിന്റെ 1% തുക ജില്ലാ സംസ്ഥാന തലങ്ങളിലായി ഭരണചെലവിനായി ഉപയോഗിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം പ്രതിവർഷം ലഭിക്കുന്ന എസ്.ബി.എം വിഹിതം തുകയും, നിർബന്ധിത 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റും അധികമായി കണ്ടെത്തുന്ന മറ്റു ഫണ്ടുകൾ കൂടി ചേർത്ത് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഒരു ഘടകത്തിന് അനുവദിക്കുന്ന തുക മറ്റൊരു ഘടകത്തിനായി വിനിയോഗിക്കുവാൻ പാടില്ല. ജനസംഖ്യാടിസ്ഥാനത്തിലാണ് ഖര ദ്രവമാലിന്യ പരിപാലനത്തിനുള്ള ഫണ്ട് അനുവദിക്കുന്നത്.

**പദ്ധതി ഘടകങ്ങളും ഫണ്ട് വിഹിതവും**

| ക്രമ. നം. | ഘടകങ്ങൾ | | വകയിരിത്താവുന്ന തുക | | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | എസ്. ബി.എം | 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്/ | ആകെ | |
| 1 | വ്യക്തിഗത കക്കൂസ് | | 12000 | 3400 | 15400 | ഒരു യൂണിറ്റിന് |
| 2. | കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് | | 210000 | 90000 | 300000 | ഒരു യൂണിറ്റിന് |
| 3. | ഖരമാലിന്യസംസ്കരണം (ഗ്രാമപഞ്ചായത്ത് തലം)<br>i. കമ്പോസ്റ്റ് യൂണിറ്റുകൾ<br>ii. പ്ലാസ്റ്റിക് ശേഖരണ യൂണിറ്റുകൾ<br>iii. ട്രൈസൈക്കിൾ /ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ | 5000 ൽ താഴെ ജനസംഖ്യയുള്ള വില്ലേജുകൾ | Rs.42/- | Rs.18/- | Rs.60/- | ഒരു വ്യക്തിക്ക് എന്ന നിരക്കിൽ |
| | | 5000 നു മുകളിൽ ജനസംഖ്യയുള്ള വില്ലേജുകൾ | Rs.31.5/- | Rs.13.5/ | Rs.45/- | |
| 4. | ദ്രവമാലിന്യ സംസ്ക്കരണ പദ്ധതികൾ (ഗ്രാമ പഞ്ചായത്ത് തലം) | 5000 ൽ താഴെ ജനസംഖ്യയുള്ള വില്ലേജുകൾ | Rs.196/- | Rs.84/- | Rs.280/- | ഒരു വ്യക്തിക്ക് എന്ന നിരക്കിൽ |
| | | 5000 നു മുകളിൽ ജനസംഖ്യയുള്ള വില്ലേജുകൾ | Rs.462/- | Rs.198/ | Rs.660/ | |
| 5. | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് (ബ്ലോക്ക്/ജില്ലാതലം) | | 16,00,000/- | | 16,00,000/ | ഒരു യൂണിറ്റിന് |
| 6. | ഗോബർദ്ധൻ (ജില്ലാതലം) | | 50,00,000/- | | 50,00,000 / | ഒരു ജില്ലയ്ക്ക് |

| ക്രമ. നം. | ഘടകങ്ങൾ | | വകയിരിത്താവുന്ന തുക | | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | എസ്.ബി.എം | 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്/ | ആകെ | |
| 7. | ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് (ജില്ലാതലം) | | Rs. 230/- | | Rs. 230/- | ഒരു വ്യക്തിക്ക് എന്ന നിരക്കിൽ |
| 8. | ഐ.ഇ.സി & ശേഷി വികസനം | | 3% | | | പ്രോഗ്രാം ഫണ്ടിന്റെ 3% (സംസ്ഥാനത്തിനും ജില്ലയ്ക്കും) |
| 9. | ഭരണ ചെലവ് | | 1% | | | പ്രോഗ്രാം ഫണ്ടിന്റെ 1 % (സംസ്ഥാനത്തിനും ജില്ലയ്ക്കും) |

19.05.2020 ലെ S-11015/1/2020-SBM-DDWS നമ്പർ കത്തനുസരിച്ച് കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയം നിർദ്ദേശിച്ചതനുസരിച്ച് 38568.07 *ലക്ഷം രൂപ* എസ്.ബി.എം (ഗ്രാമീൺ) വിഹിതം ( 15-ാം ധനകാര്യകമ്മീഷൻ വിഹിതം ഉൾപ്പെടെ 64876 ലക്ഷം രൂപ) വരുന്ന വാർഷിക കർമ്മ പദ്ധതി സമർപ്പിച്ചിരുന്നതും 18.08.2020 ൽ ചേർന്ന നാഷണൽ സ്കീം അംഗീകാര കമ്മിറ്റി 23102 ലക്ഷം രൂപ കേന്ദ്ര വിഹിതവും 15395 ലക്ഷം രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടെ *38497 ലക്ഷം രൂപ എസ്.ബി.എം വിഹിതം ( 15-ാം ധനകാര്യകമ്മീഷൻ വിഹിതമുൾപ്പെടെ 64876 ലക്ഷം രൂപ)* അടങ്കൽ തുകയുള്ള പദ്ധതി 2020-21 വർഷത്തേക്ക് കേരളത്തിനായി അംഗീകരിച്ചു നൽകിയിട്ടുള്ളതുമാണ്. വാർഷിക കർമ്മപദ്ധതിയുടെ പകർപ്പ് ഉളളടക്കം ചെയ്തിട്ടുണ്ട്.

## SUMMARY OF ANNUAL ACTION PLAN OF SBM(GRAMIN) FOR THE YEAR 2020-21

| Component | Unit for targets | Fund Sharing pattern | Projected physical targets | Financial requirements | | | |
|---|---|---|---|---|---|---|---|
| | | | | SBM-G phase-II | | 15th FC | Total |
| | | | | Centre share | State share | | |
| Individual Household Latrines - Below Poverty Line | No. of households | 60:40 between Centre and State (90:10 in the case of NE States, Jammu and Kashmir and Special category States, 100:0 for UTs other than J&K) | 11280 | 812.16 | 541.44 | 0.00 | 1353.60 |
| Individual Household Latrines - Above Poverty Line-Eligible Identified | | | 7520 | 541.44 | 360.96 | 0.00 | 902.40 |
| Individual Household Latrine-Above Poverty Line-Others (ineligible) | | | 17000 | 0.00 | 0.00 | 0.00 | 0.00 |
| Community Sanitary Complexes (CSCs) | No. of CSC (to be constructed) | 30% from 15th Finance Commission funds, and remaining 70% under SBM(G) in the ratio of 60:40 between Centre and State (90:10 in the case of NE States, Jammu and Kashmir and Special category States, 100:0 for UTs other than J&K) | 750 | 945.00 | 630.00 | 579.14 | 2154.14 |
| Solid waste management in smaller villages (i.e. villages with population upto 5000) | No. of villages | | 1 | 0.28 | 0.19 | 7.58 | 8.05 |
| Solid waste management in bigger villages (i.e. villages with population above 5000) | No. of villages | | 499 | 991.70 | 661.13 | 3784.50 | 5437.33 |

4755141/2020/(DC) LSGD

| Component | Unit for targets | Fund Sharing pattern | Projected physical targets | Financial requirements | | | |
|---|---|---|---|---|---|---|---|
| | | | | SBM-G phase-II | | 15th FC | Total |
| | | | | Centre share | State share | | |
| Greywater Management in smaller villages (i.e. villages with population upto 5000) | No. of villages | 60:40 between Centre and State (90:10 in the case of NE States, Jammu and Kashmir and Special category States, 100:0 for UTs other than J&K) | 1 | 1.33 | 0.89 | 38.93 | 41.15 |
| Greywater management in bigger villages (i.e. villages with population above 5000) | No. of villages | | 499 | 14544.87 | 9696.58 | 19427.19 | 43668.64 |
| Plastic Waste Management Unit (PWMU) | No. of blocks (1 PWMU per block) | | 30 | 288.00 | 192.00 | 182.40 | 662.40 |
| GOBAR-dhan projects | No. of districts | | 6 | 90.00 | 60.00 | 91.90 | 241.90 |
| Fecal Sludge Management | No. of districts/ Population to be covered* | | 2 / 1777971 | 4122.02 | 2748.01 | 2267.11 | 9137.14 |
| IEC including Capacity Building (up to 3%) | | | | 541.83 | 354.89 | | 896.72 |
| Administrative Charges (upto 1%) | | | | 223.37 | 148.91 | | 372.28 |
| **Total** | | | | **23102.00** | **15395.00** | **26378.75** | **64875.75** |



4755/41/2020/(DC) LSGD